101 (568) നരിക്കുണ്ട് തോമാട്ടുചാൽ പി.ഡബ്ല്യു.ഡി. റോഡ് നിർമ്മാണം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിലെ 1995-ൽ ഭരണാനുമതിയും 1996-ൽ സാങ്കേതികാനുമതിയും ലഭിച്ച നരിക്കുണ്ട്-തോമാട്ടുചാൽ പി.ഡബ്ല്യു.ഡി. റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) നരിക്കുണ്ട്-തോമാട്ടുചാൽ റോഡ് വില്ലേജ് റോഡ് ആയതിനാലും ആവശ്യമായ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്താത്തതിനാലും പണി സ്തംഭനാവസ്ഥയിൽ ആയിരുന്നു. എന്നാൽ ഇപ്പോൾ പണി ആരംഭിച്ചിട്ടുണ്ട്;

(ബി) ഈ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

102 (569) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് വികസന പദ്ധതി

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, എന്നീ നഗരങ്ങളിലെ റോഡുകളുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇതിനായി എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(ഡി) പ്രസ്തുത നഗരങ്ങളിലെ ഏതെല്ലാം റോഡുകളാണ് നാലുവരി പാതയാക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) പ്രസ്തുത നഗരങ്ങളിൽ വികസനത്തിനായി ഏറ്റെടുത്ത പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇവ ഓരോന്നിന്റെയും പണി ഇപ്പോൾ ഏതു ഘട്ടത്തിലിരിക്കുന്നു; എന്നത്തേക്ക് പണി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം നഗരം തിരുവനന്തപുരം നെയ്യാറ്റിൻകര കംബൈൻഡ് ബൈപ്പാസിന്റെ പണി, ആക്കുളം പാലത്തിന്റെ പണി, എൻ.എച്ച്.47 കി.മി. 557 മുതൽ 568 വരെ ബി.എം.ആന്റ് എസി ഉപയോഗിച്ച് റോഡിന്റെ ഉപരിതലം ബലപ്പെടുത്തൽ എൻ.എച്ച്. 47 ൽ കേശവദാസപുരം മുതൽ പി.എം.ജി. വരെയുള്ള റോഡ് 4 വരി പാതയായി വീതി കൂട്ടൽ എൻ. എച്ച്. 47 ൽ കരമന മുതൽ കിള്ളിപ്പാലം വരെയുള്ള ഭാഗം 4 വരി പാതയായി വീതി കൂട്ടൽ. എം.സി. റോഡിൽ കേശവദാസപുരം മുതൽ മണ്ണന്തല വരെ 4 വരി പാതയായി വീതി കൂട്ടൽ, കരമന പാലത്തിന്റെ പുനർനിർമ്മാണം, കിള്ളി പ്പാലത്തിന്റെ പുനർനിർമ്മാണം പ്ലാമൂട് പാലത്തിന്റെ പുനർനിർമ്മാണം തുടങ്ങിയവയാണ് പദ്ധതികൾ. തിരുവനന്തപുരം ഓവർബ്രിഡ്ജ് മുതൽ പഴവ ങ്ങാടി വരെയുള്ള ആറു വരിപാത പണി പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്. മരുതംകുഴി, മരുതൂർക്കടവ് പാലങ്ങളുടെ പണി കളും പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നു കൊടുത്തു കഴിഞ്ഞു. തമ്പാനൂർ ഫ്ളൈ ഓവർ മുതൽ വെള്ളയമ്പലം വരെ നാല് വരി പാതയാ ക്കുന്ന ജോലികൾ പുരോഗതിയിലാണ്. ടാഗോർ റോഡ് പണിയും, ചാല ബൈപ്പാസിന്റെ രണ്ടും മൂന്നും റീച്ചിന്റെ പണിയും പുരോഗതിയിലാണ്. കിള്ളി പ്പാലം ഐരാണിമുട്ടം റോഡ് പണിയുടെ ആദ്യഘട്ടം പുരോഗമിച്ചുവരുന്നു. പാളയം മുതൽ എയർപോർട്ട് വരെ നാല് വരി പാതയാക്കാനുള്ള പണിയുടെ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. പുളിമൂട് മുതൽ അംബുജവിലാസം റോഡ് വീതി കൂട്ടുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ തുടങ്ങിയിട്ടുണ്ട്.

കൊച്ചി നഗരം

എൻ.എച്ച്. 47 ൽ ആലുവ മുതൽ ചേർത്തല വരെയുള്ള ഭാഗം 4 വരി യായി വീതികൂട്ടി ബലപ്പെടുത്തുന്ന പണി, വെല്ലിംഗ് ടൺ ഐലന്റിനെയും കൊച്ചി ബൈപ്പാസിനെയും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡിന്റെ പണി എൻ. എച്ച്. 47 യിൽ ഇവ കൂടാതെ കൊച്ചി നഗരത്തിലെ റോഡുകളുടെ വികസന ത്തിനായി വിശാലകൊച്ചി വികസന അതോറിട്ടിയും പൊതുമരാമത്ത് വകുപ്പും ചേർന്ന് റൈറ്റ്സിന്റെ പഠന റിപ്പോർട്ടിനെ ആസ്പദമാക്കി വിശദമായ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. റോഡുക ളുടെ ഉപരിതലം പുതുക്കുന്നതിനുള്ള ഒട്ടനവധി പണികൾ ഏറ്റെടുത്ത് നടപ്പി ലാക്കി വരികയാണ്.

കോഴിക്കോട് നഗരം

കോഴിക്കോട് ബൈപ്പാസിന്റെ പണി, അറപ്പുഴ പാലത്തിന്റെ പണി, എൻ.എച്ച്. 17 ൽ കി.മീ. 243/000 മുതൽ 253/000 വരെ ബി.എം. ആന്റ് എസി ഉപയോഗിച്ച് റോഡിന്റെ ഉപരിതലം ബലപ്പെടുത്തൽ എൻ.എച്ച്. 17 ൽ കി.മീ. 241/100 മുതൽ 241/700 വരെയുള്ള അപകട സാദ്ധ്യതയുള്ള ഭാഗം അഭിവൃദ്ധി പ്പെടുത്തൽ എൻ.എച്ച്. 17 ൽ വെസ്റ്റ് നടക്കാവിൽ പരിഷ്കരിച്ച ട്രാഫിക് ഐലന്റ് നിർമ്മിക്കൽ, മാനാഞ്ചിറ മൈതാനത്തിൽ സബ് വേ നിർമ്മിക്കൽ, മാവൂർ റോഡ് വികസനവും പരിഷ്കരണവും, ബീച്ച് റോഡ് നാലുവരി പാത യാക്കുന്ന പണി എന്നിവ പൂർത്തീകരിച്ചു വരുന്നു. എരഞ്ഞിപ്പാലം ജംഗ്ഷൻ വീതി കൂട്ടുന്നതിനുള്ള പണി ഏറ്റെടുത്തു മിനി ബൈപ്പാസ് റോഡ് പണി

LIBRARY ARCHIVES Kerala Legislative Assembly

നടന്നു വരുന്നു. ഇവ കൂടാതെ റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനുള്ള ഒട്ടേറെ ജോലികളും ഏറ്റെടുത്ത് പൂർത്തിയാക്കി വരുന്നു.

(സി) 1376 ലക്ഷം.

(ഡി) എൻ.എച്ച്. 47-ൽ കേശവദാസപുരം പി.എം.ജി, കരമന-കിള്ളിപ്പാലം, എം.സി. റോഡിൽ കേശവദാസപുരം മണ്ണന്തല, വെള്ളയമ്പലം-തൈക്കാട്-ഉള്ളൂർ-കുഴിവിള-ആക്കുളം, പാളയം-എയർപോർട്ട്, കോഴിക്കോട്-ബീച്ച്, കൊച്ചി-ഇരുമ്പനം-കളമശ്ശേരി എന്നീ റോഡുകളാണ് നാലുവരിയാക്കാൻ ഉദ്ദേശിക്കുന്നത്.

(ഇ) ഉത്തരം മുകളിൽ ബി-യിൽ നൽകിയിട്ടുണ്ട്.

(എഫ്) തിരുവനന്തപുരം നഗരത്തിൽ തിരുവനന്തപുരം നെയ്യാറ്റിൻകര കംബൈൻഡ് ബൈപ്പാസിന്റെ ഒന്നാം ഘട്ടത്തിന്റെ പണി വിവിധഭാഗങ്ങളിലായി നടന്നു വരുന്നു. 31.3.2001-ഓടുകൂടി തീർക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. 2-ാം ഘട്ടമായ കോവളം മുതൽ ഇഞ്ചിവിള വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് പ്ലാൻ അംഗീകരിച്ചിട്ടുണ്ട്. ആക്കുളം പാലത്തിന്റെ പണി 31.3.2000 ത്തോടു കൂടി പൂർത്തിയാകും. എൻ.എച്ച്.47 ൽ കി.മീ. 557 മുതൽ 568 വരെ ബി.എം. ആന്റ് എസി ഉപയോഗിച്ച് ബലപ്പെടുത്തുന്ന പണി 31.3.2000 ത്തോടുകൂടി തീർക്കാനാണ് ഉദ്ദേശിക്കുന്നത്. പ്ലാമൂട് പാലത്തിന്റെ പണി. 31.3.2000 ത്തോട് തീർക്കാൻ ഉദ്ദേശിക്കുന്നു. ബാക്കിയുള്ള പണികൾക്ക് ആവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകുന്നതോടുകൂടിയും ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്കും പൂർത്തിയാക്കുന്നതാണ്. തിരുവനന്തപുരത്തെ ആറുവരി പാത, മരുതൻകുഴി പാലം, മരുതൂർക്കടവ് പാലം എന്നിവയുടെ പണി പൂർത്തീകരിച്ച് കഴിഞ്ഞു. ബാക്കിയുള്ളവയുടെ എല്ലാം പണി പുരോഗതിയിലാണ്.

കൊച്ചി നഗരത്തിലെ എൻ.എച്ച്. 47-ൽ ആലുവ മുതൽ ചേർത്തല വരെയുള്ള ഭാഗം 4 വരിയായി വീതികൂട്ടി ബലപ്പെടുത്തുന്ന പണി 99% പൂർത്തിയായി. ബാക്കി ജോലി ജൂൺ 2000 ത്തോടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. വെല്ലിംഗ്ടൺ ഐലന്റിനെയും കൊച്ചി ബൈപ്പാസിനെയും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡിന്റെ പണി ജനുവരി 2000-ന് പൂർത്തിയാക്കി. ഇരുമ്പനം കളമശ്ശേരി റോഡ് പണി പുരോഗതിയിലാണ്. എച്ച്.എം.ടി. വരെയുള്ള ഭാഗം 2 വരി പാതയുടെ ഫോർമേഷനും മെറ്റലിംഗും പൂർത്തിയായിട്ടുണ്ട്. കോഴിക്കോട് നഗരത്തിൽ കോഴിക്കോട് ബൈപ്പാസിന്റെ ഒന്നാം ഘട്ടത്തിന്റെ പണി പൂർത്തിയായി. ബാക്കി മൂന്ന് ഭാഗങ്ങളുടെ സ്ഥലമെടുപ്പ് ജോലി പൂർത്തിയായികൊണ്ടിരിക്കുന്നു. അറപ്പുഴപ്പാലത്തിന്റെ പണി മേയ് 2001 ന് തീർക്കാനാണ് പരിപാടിയിട്ടിട്ടുള്ളത്. എൻ.എച്ച്. 17 ൽ കി.മീ. 241 മുതൽ 242 വരെ അപകട സാദ്ധ്യതയുള്ള ഭാഗം പരിഷ്ക്കരിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ പണി പുരോഗമിക്കുന്നു. മാനാഞ്ചിറ സബ്വേ മാറ്റി ഫ്ളൈ ഓവർ ബ്രിഡ്ജ് പണിയുന്നതിന് വേണ്ട എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. മിനി ബൈപ്പാസ്, ബീച്ച് റോഡ് എന്നിവയുടെ പണിയും പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly